"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആഭ്യന്തര വകുപ്പ് - ജയിലുകൾ - കൂത്തുപറമ്പ് സ്പെഷ്യൽ സബ് ജയിലിന്റെ പ്രവർത്തനത്തിനാവശ്യമായ തസ്തികകൾ സൃഷ്ടിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആഭ്യന്തര(ബി)വകുപ്പ്**

സ.ഉ.(കൈ) നം.202/2022/HOME തീയതി,തിരുവനന്തപുരം, 18-10-2022

---

പരാമർശം:-
1) സ.ഉ.(കൈ) നം. 122/2018/ ആഭ്യന്തരം, തീയതി, 26.07.2018.
2) സ.ഉ.(കൈ) നം. 154/2019/ആഭ്യന്തരം, തീയതി, 16.10.2019.
3) പ്രിസൺസ് & കറക്ഷണൽ സർവീസസ് വകുപ്പ് ഡയറക്ടർ ജനറലിന്റെ 09.09.2021, 28.05.2022 എന്നീ തീയതികളിലെ E7-20712/2021/PrHQ നമ്പർ കത്തുകൾ

**<u>ഉത്തരവ്</u>**

കൂത്തുപറമ്പ് സ്പെഷ്യൽ സബ് ജയിൽ പരിധിയിലുള്ള പോലീസ് സ്റ്റേഷനുകളിൽ നിന്നുള്ള പ്രതികളെ മട്ടന്നൂർ, കൂത്തുപറമ്പ് കോടതികളിൽ ഹാജരാക്കി അകലെ സ്ഥിതി ചെയ്യുന്ന കണ്ണൂർ സ്പെഷ്യൽ സബ് ജയിലിലോ തലശ്ശേരി സ്പെഷ്യൽ സബ് ജയിലിലോ ആണ് റിമാന്റ് ചെയ്യുന്നതെന്നും ആയത് ക്രമസമാധാന പാലനത്തെ ബാധിക്കുകയും സർക്കാരിന് വലിയ സാമ്പത്തിക നഷ്ടം ഉണ്ടാക്കുകയും ചെയ്യുന്നു എന്ന് പരാമർശം - (3) ലെ കത്ത് പ്രകാരം പ്രിസൺസ് & കറക്ഷണൽ സർവ്വീസസ് വകുപ്പ് ഡയറക്ടർ ജനറൽ സർക്കാരിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ കൂത്തുപറമ്പിൽ നിർമ്മിച്ച സ്പെഷ്യൽ സബ് ജയിൽ അടിയന്തരമായി പ്രവർത്തനമാരംഭിക്കുന്നതിനായി എക്സിക്യൂട്ടീവ്, മിനിസ്റ്റീരിയൽ വിഭാഗങ്ങളിലായി വിവിധ തസ്തികകൾ സൃഷ്ടിക്കണമെന്ന് സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിൻ പ്രകാരം കൂത്തുപറമ്പ് സ്പെഷ്യൽ സബ് ജയിൽ പ്രവർത്തനത്തിനാവശ്യമായ ചുവടെപ്പറയുന്ന 12 തസ്തികകൾ സൃഷ്ടിച്ചു ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നം. | തസ്തികയുടെ പേര് | ശമ്പള സ്കെയിൽ | തസ്തികയുടെ എണ്ണം |
|---|---|---|---|
| 1 | സൂപ്രണ്ട് (ഡെപ്യൂട്ടി സൂപ്രണ്ട്) | 55200- | 1 |

| | | | |
|---|---|---|---|
| 1 | [illegible] | 1,15,300 | 1 |
| 2 | അസിസ്റ്റന്റ് സൂപ്രണ്ട് ഗ്രേഡ് I | 43400-91200 | 1 |
| 3 | അസിസ്റ്റന്റ് സൂപ്രണ്ട് ഗ്രേഡ് II | 41300-87000 | 1 |
| 4 | ഡെപ്യൂട്ടി പ്രിസൺ ഓഫീസർ | 37400-79000 | 3 |
| 5 | അസിസ്റ്റന്റ് പ്രിസൺ ഓഫീസർ | 27900-63700 | 6 |
| | ആകെ | | 12 |

3) കണ്ണൂർ സ്പെഷ്യൽ സബ് ജയിലിൽ നിന്നും കുത്തുപറമ്പ് സ്പെഷ്യൽ സബ് ജയിലിലേക്ക് ചുവടെപ്പറയുന്ന 9 തസ്തികകൾ പുനർവിന്യസിക്കുന്നു.

| ക്രമ നം. | തസ്തികയുടെ പേര് | തസ്തികയുടെ എണ്ണം |
|---|---|---|
| 1 | അസിസ്റ്റന്റ് സൂപ്രണ്ട് ഗ്രേഡ് II | 1 |
| 2 | ഡെപ്യൂട്ടി പ്രിസൺ ഓഫീസർ | 3 |
| 3 | അസിസ്റ്റന്റ് പ്രിസൺ ഓഫീസർ | 4 |
| 4 | അസിസ്റ്റന്റ് പ്രിസൺ ഓഫീസർ കം ഡ്രൈവർ | 1 |
| | ആകെ | 9 |

4) കുത്തുപറമ്പ് സ്പെഷ്യൽ സബ് ജയിലിന് ചുവടെപ്പറയുന്ന സ്റ്റാഫ് പാറ്റേൺ അനുവദിക്കുന്നു.

| ക്രമ നം. | തസ്തികയുടെ പേര് | തസ്തികയുടെ എണ്ണം |
|---|---|---|
| 1 | സൂപ്രണ്ട് (ഡെപ്യൂട്ടി സൂപ്രണ്ട്) | 1 |
| 2 | അസിസ്റ്റന്റ് സൂപ്രണ്ട് ഗ്രേഡ് I | 1 |
| 3 | അസിസ്റ്റന്റ് സൂപ്രണ്ട് ഗ്രേഡ് II | 2 |
| 4 | ഡെപ്യൂട്ടി പ്രിസൺ ഓഫീസർ | 6 |
| 5 | അസിസ്റ്റന്റ് പ്രിസൺ ഓഫീസർ | 10 |
| 6 | അസിസ്റ്റന്റ് പ്രിസൺ ഓഫീസർ കം ഡ്രൈവർ | 1 |
| | ആകെ | 21 |

5) കണ്ണൂർ സ്പെഷ്യൽ സബ് ജയിലിന്റെ സ്റ്റാഫ് പാറ്റേൺ ചുവടെപ്പറയുന്ന രീതിയിൽ പുനക്രമീകരിക്കുന്നു.

| ക്രമ നം. | തസ്തികയുടെ പേര് | തസ്തികയുടെ എണ്ണം |
|---|---|---|
| 1 | സൂപ്രണ്ട് (ഡെപ്യൂട്ടി സൂപ്രണ്ട്) | 1 |
| 2 | വെൽഫെയർ ഓഫീസർ ഗ്രേഡ് 2 | 1 |

| | | |
|---|---|---|
| 2 | വെൽഫെയർ ഓഫീസർ ഗ്രേഡ് 2 | 1 |
| 3 | അസിസ്റ്റന്റ് സൂപ്രണ്ട് ഗ്രേഡ് I | 1 |
| 4 | അസിസ്റ്റന്റ് സൂപ്രണ്ട് ഗ്രേഡ് II | 2 |
| 5 | ഡെപ്യൂട്ടി പ്രിസൺ ഓഫീസർ | 6 |
| 6 | അസിസ്റ്റന്റ് പ്രിസൺ ഓഫീസർ | 10 |
| 7 | അസിസ്റ്റന്റ് പ്രിസൺ ഓഫീസർ കം ഡ്രൈവർ | 1 |
| | ആകെ | 22 |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. വേണു വി ഐഎഎസ്
അഡീഷണൽ ചീഫ് സെക്രട്ടറി

ഡയറക്ടർ ജനറൽ, പ്രിസൺസ് & കറക്ഷണൽ സർവ്വീസസ്, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ / ആഡിറ്റ്), കേരളം, തിരുവനന്തപുരം.

ധനകാര്യ വകുപ്പ് ( 22.06.2022 – ലെ 2076686/Exp-B2/138/22-FIN പ്രകാരം)

പൊതുഭരണ (എസ്.സി.) വകുപ്പ് ( 13.10.2022 - ലെ ഇനം നം. 1086 പ്രകാരം)

വിവര പൊതു ജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ് ( സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി)

കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് :- ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്